(ബി) എങ്കിൽ അതു സംബന്ധിച്ച നിയമ വ്യവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ;

(സി) സഹകരണ വകുപ്പിൽ എഡിറ്റർ/പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലെ ഒഴിവ് പി. എസ്. സി.-യെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ;

(ഡി) രജിസ്ട്രാർ ഓഫീസിൽ എഡിറ്റർ/പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ആരാണ്; പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(ഇ) സർവീസ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് നിയമനം നടത്തിയ ഉദ്യോഗസ്ഥന്റെയും ആയതിന് അനുമതി നൽകിയ ഗവൺമെന്റ് സെക്രട്ടറിയുടെയും പേരിൽ ശിക്ഷണ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) നിലവിലുള്ള വ്യവസ്ഥകൾ സ്ഥിരനിയമനത്തിനുള്ളതാണ്. സ്ഥിര നിയമനം നടത്തുന്നതുവരെയുള്ള കാലയളവിൽ താൽക്കാലിക നിയമനം നടത്തുന്നതിന് ടി വ്യവസ്ഥ തടസ്സമല്ല.

(സി) ഇല്ല. റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) താൽക്കാലിക നിയമനം നടത്തുന്നതിന് അനുമതി നൽകിയത് സർക്കാരാണ്. അതുപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയാണ്. പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. †

(ഇ) സർവീസ് ചട്ടങ്ങൾ ലംഘിച്ച് സ്ഥിരനിയമനം നടത്തിയിട്ടില്ലാത്തതിനാൽ ശിക്ഷണ നടപടിയുടെ പ്രശ്നം ഉദിക്കുന്നില്ല.

സഹകരണ സംഘങ്ങളിലെയും സഹകരണ വകുപ്പിലെയും നിയമന വ്യവസ്ഥകൾ

87 [2739] ശ്രീ. വി. ചെന്താമരാക്ഷൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, വി. കെ. സി. മമ്മത്കോയ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളിലെയും സഹകരണ വകുപ്പിലേയും നിയമന വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് താൽക്കാലികമായി പ്രൊമോഷൻ നൽകാൻ സംസ്ഥാന-ജില്ലാ ബാങ്ക് ഭരണസമിതികൾക്ക് അധികാരമുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള കോ-ഓപ്പറേറ്റീവ് സർവീസ് റൂൾസിന് വിരുദ്ധമായി രജിസ്ട്രാർ ആഫീസിൽ നിയമനം നടത്തിയതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ;

(ഡി) കോ-ഓപ്പറേറ്റീവ് സർവീസ് എക്സാമിനേഷൻ ബോർഡിന്റെ ഘടനയിലോ ഇത് സംബന്ധിച്ച റൂൾസിലോ സർക്കാർ എന്തെങ്കിലും ഭേദഗതി വരുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിലത് സംബന്ധിച്ച് വിശദമാക്കാമോ;

(ഇ) സഹകരണസംഘങ്ങളെ സംബന്ധിച്ച നിയമന വ്യവസ്ഥകൾ സഹകരണ വകുപ്പിലെ നിയമനങ്ങൾക്ക് ബാധകമാണോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്. ബോർഡിലെ മെമ്പർ സെക്രട്ടറിയായി സഹകരണസംഘം ജോയിന്റ് രജിസ്ട്രാറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനായിരിക്കും എന്ന വ്യവസ്ഥ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നു. ബോർഡിന്റെ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ആയി ഡെപ്യൂട്ടി രജിസ്ട്രാറുടെ റാങ്കിൽ കുറയാത്ത ഒരുദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാനും ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച കരട് വിജ്ഞാപനം 23-4-2003-ലെ 11132/ജി 1/02/സഹ. നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) അല്ല.

കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിലെ നിയമനവുമായി ബന്ധപ്പെട്ട അഴിമതി

88 [2740] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിലേക്കുള്ള ഉദ്യോഗസ്ഥ നിയമനവുമായി ബന്ധപ്പെട്ട അഴിമതിക്കേസ്സിന്റെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇതിലെ പ്രതികൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മേൽ പ്രതികളുടെ ലിസ്റ്റിൽപ്പെട്ട ആരെങ്കിലും ഭരണസമിതിയിൽ ഡയറക്ടർമാരായി നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly